**15 -ാം കേരള നിയമസഭ**

**4 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1813** **15-03-2022 - ൽ മറുപടിയ്ക്ക്**

**കെ.എസ്.ആർ.ടി.സി. വർക്ക്ഷോപ്പുകളുടെ പുന:ക്രമീകരണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ കെ ബി ഗണേഷ് കുമാർ,<br>ശ്രീ കോവൂർ കുഞ്ഞുമോൻ,<br>ശ്രീ തോമസ് കെ തോമസ്,<br>ശ്രീ മാത്യു ടി. തോമസ് | | null<br>(ഗതാഗത വകുപ്പ് മന്ത്രി) | |
| (എ) | കെ.എസ്.ആർ.ടി.സി. വർക്ക് ഷോപ്പുകളുടെ പുന:ക്രമീകരണത്തിന്റെ ഭാഗമായി ജീവനക്കാരെ കോമൺപൂളിലേക്ക് വിന്യസിക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിരിക്കുന്നതെന്ന് വ്യക്തമാക്കുമോ; | (എ) | കെ.എസ്.ആർ.ടി.സി. ബസ്സുകളുടെ കാര്യക്ഷമമായ പരിപാലനം ഉറപ്പാക്കുന്നതിനായി ത്രിതല മെയിന്റനൻസ് സംവിധാനം ഏർപ്പെടുത്തുന്നതിന് തീരുമാനിച്ചു. ടി സംവിധാനത്തിൽ സെൻട്രൽ, റീജിയണൽ വർക്ക് ഷോപ്പുകൾ 5 എണ്ണവും, ജില്ലാ / സബ് ജില്ലാ വർക്ക് ഷോപ്പുകൾ 22 എണ്ണവും കൂടാതെ ഡിപ്പോ / സബ് ഡിപ്പോ വർക്ക് ഷോപ്പുകളുമാണുള്ളത്. സെൻട്രൽ / റീജിയണൽ വർക്ക് ഷോപ്പുകളിൽ ടയർ റിട്രെഡിംഗ് അഗ്രിഗേറ്റ് ഓവർ ഹോളിംഗ്, മേജർ ആക്സിഡന്റ് റിപ്പയർ, വെഹിക്കിൾ ഓവർ ഹോളിംഗ് ജോലികളുമാണ് നിർവ്വഹിക്കുന്നത്. ജില്ലാ / സബ് ജില്ലാ വർക്ക് ഷോപ്പുകളിൽ സി.എഫ് വർക്കുകൾ ഉൾപ്പെടെയുള്ള എല്ലാ അഗ്രിഗേറ്റ് റീ പ്ലെയിസ്മെന്റ്, പ്രതിമാസ മെയിൻറനൻസ്, ക്വാർട്ടർലി മെയിന്റനൻസ്, ഫ്യൂവൽ മെയിന്റനൻസ്, ആക്സിഡന്റ് റിപ്പയർ (മൈനർ) തുടങ്ങിയവയാണ് നിർവ്വഹിക്കുന്നത്. ഡിപ്പോ / സബ് ഡിപ്പോ വർക്ക് ഷോപ്പുകളിൽ പ്രതിദിന, പ്രതിവാര ജോലികളും, ഓയിൽ ചേഞ്ച്, ടയർ & ഇലക്ട്രിക്കൽ മെയിന്റനൻസുകളുമാണ് നിർവ്വഹിക്കുന്നത്. മേൽ പ്രതിപാദിച്ച ജോലികൾ നിർവ്വഹിക്കുന്ന തിനാവശ്യമായ മെക്കാനിക്കൽ വിഭാഗം ജീവനക്കാരെ ജില്ലാ / സബ് ജില്ലാ വർക്ക് ഷോപ്പുകളിലേക്ക് മാറ്റി നിയമിച്ചു. |
| (ബി) | ഡിപ്പോകൾ, സബ് ഡിപ്പോകൾ എന്നിവിടങ്ങളിൽ നിന്നും ജീവനക്കാരെ വിടുതൽ ചെയ്യുമ്പോൾ നിലവിലുള്ള സർവീസുകൾ തടസ്സം കൂടാതെ ഓപ്പറേറ്റ് ചെയ്യുന്നതിന് സ്വീകരിച്ചിരിക്കുന്ന ക്രമീകരണങ്ങൾ എന്തെല്ലാമെന്ന് വെളിപ്പെടുത്താമോ; | (ബി) | കെ.എസ്.ആർ.ടി.സി. ബസ്സുകളുടെ കാര്യക്ഷമമായ പരിപാലനം നിർവ്വഹിക്കുന്നതിനാവശ്യമായ മെക്കാനിക്കൽ വിഭാഗം ജീവനക്കാരെ സബ് ഡിപ്പോ / ഓപ്പറേറ്റിംഗ് സെന്ററുകളിൽ ലഭ്യമാക്കുന്നുണ്ട്. സർവ്വീസ് ഓപ്പറേഷന് തടസ്സം വരാത്ത രീതിയിൽ ജീവനക്കാരെ വിനിയോഗിക്കുന്നതിനുള്ള ക്രമീകരണങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ട്. |

| | | | |
|---|---|---|---|
| (സി) | പ്രതിമാസ മെയിന്റനൻസിന് വേണ്ടി എല്ലാ ഡിപ്പോ, സബ് ഡിപ്പോകളിൽ നിന്നും ജില്ലാ കോമൺ പൂളിലെ വർക്ക്ഷോപ്പുകളിലേക്ക് ഓരോ മാസവും എത്ര കിലോമീറ്റർ ദൂരമാണ് ബസ്സുകൾ ഡെഡ് സർവ്വീസായി ഓടിക്കേണ്ടി വരുന്നതെന്ന് അറിയിക്കാമോ? | (സി) | ജില്ലാ / സബ് ജില്ലാ വർക്ക് ഷോപ്പുകളിലേക്ക് പ്രതിമാസ മെയിന്റനൻസിനായി വാഹനങ്ങൾ എത്തിക്കുന്നത് സർവ്വീസായിട്ടാണ്. പ്രതിമാസ മെയിന്റനൻസിന് നൽകുന്ന ബസ്സുകൾക്ക് പകരം ജില്ലാ / സബ് ജില്ലാ വർക്ക് ഷോപ്പുകളിൽ ലഭ്യമായിട്ടുള്ള റിസർവ്വ് പൂളിൽ നിന്നും പകരം ബസ്സുകൾ അനുവദിച്ച് നൽകുന്നതാണ് നിലവിലെ ക്രമീകരണം. |

സെക്ഷൻ ഓഫീസർ